**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 1907**

**25.03.2013-ൽ മറുപടിക്ക്.**

## പടക്ക നിർമ്മാണവുമായി ബന്ധപ്പെട്ട അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. കെ. അജിത്<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ. വി. എസ്. സുനിൽകുമാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പടക്ക നിർമ്മാണശാലയ്ക്ക് തീപിടിച്ച് കൂട്ടമരണങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) ഉണ്ട് |
| (ബി) ഇത്തരം അപകടങ്ങൾ ഇല്ലാതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ; | : (ബി) സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്ന ഇടങ്ങളിൽ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി, ജില്ലാ കളക്ടർമാർ എന്നിവർക്ക് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്ഫോടകവസ്തുക്കൾ സൂക്ഷിക്കുന്ന ഇടങ്ങളിൽ പരിശോധന നടത്തുന്നതിനും അനുവദനീയമായ സ്ഫോടക വസ്തുക്കളുടെ അളവ് ഉറപ്പ് വരുത്തുന്നതിനും സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തുന്നതിനുമായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ജില്ലാ പോലീസ് മേധാവിമാർ നിയോഗിക്കുന്ന ഉദ്യോഗസ്ഥർ അവരവരുടെ അധികാര പരിധിയിൽ വരുന്ന ഇത്തരം സ്ഥലങ്ങളിൽ ആകസ്മികമായ പരിശോധന ഉൾപ്പെടെയുള്ളവ നടത്തുകയും ലൈസൻസ്, സ്ഫോടക വസ്തുക്കളുടെ അളവ്, ജോലിക്കാരുടെ എണ്ണം സുരക്ഷാ സംവിധാനം, ചുറ്റുപാടുകളുടെ നിരീക്ഷണം |

(മറുപുറം)

എന്നിവ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകി അപകട സാദ്ധ്യത ഇല്ലായെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. കൂടാതെ നിലവിലുള്ള പരിശോധനകൾ കൂടുതൽ ശക്തമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ കൂടുതൽ കർശനമായ നടപടി സ്വീകരിക്കുമോ?

: (സി) അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ സംസ്ഥാന പോലീസ് മേധാവി, ജില്ലാ കളക്ടർമാർ എന്നിവർക്ക് കാലാകാലങ്ങളിൽ സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിവരുന്നു.

സെക്ഷൻ ഓഫീസർ